# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 4679.

26.06.2019- ൽ മറുപടിയ്ക്ക്

### ചെങ്ങന്നൂരിൽ പ്രളയാനന്തരകൃഷി പുനരാരംഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സജി ചെറിയാൻ | ശ്രീ. വി. എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പ്രളയാനന്തരം കൃഷി പുനരാരംഭിക്കുന്നതിന് കൃഷിഭവനുകൾ വഴി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ പ്രളയാനന്തരം കൃഷി പുനരാരംഭിക്കുന്നതിന് കൃഷിഭവനുകൾ വഴി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :-<br>1) പ്രളയാനന്തരം ചെങ്ങന്നൂരിന്റെ കാർഷിക മേഖലയുടെ പുന:സൃഷ്ടി ലക്ഷ്യമിട്ടുകൊണ്ട് 'കാർഷിക പുനർജ്ജനി' എന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ചെങ്ങന്നൂരിൽ നടത്തി. പ്രളയശേഷം കാർഷിക മേഖലയിൽ വന്ന മാറ്റങ്ങളും അവയെ അതിജീവിയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളും കാർഷിക ശാസ്ത്രജ്ഞർ സെമിനാർ നടത്തി കർഷകർക്ക് ബോധവത്ക്കരണം നടത്തി. കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് സന്നദ്ധ സേവനം ചെയ്യുന്നതിനായി ഉദ്യോഗസ്ഥർ, തൊഴിലാളികൾ, തൊഴിലുറപ്പ് പദ്ധതി അംഗങ്ങൾ മുതലായവർ (മൂവായിരത്തോളം അംഗങ്ങൾ) തയ്യാറായി. നടീൽ വസ്തുക്കൾ, മണ്ണിനെ പരുവപ്പെടുത്തി എടുക്കാൻ ഉതകുന്ന കുമ്മായം, ഡോളമൈറ്റ് തുടങ്ങിയവ വിതരണം ചെയ്തു. സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബിലൂടെ 120 ഓളം മണ്ണ് സാമ്പിളുകൾ പരിശോധിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. |

| | | | |
|---|---|---|---|
| | | | 2) പ്രകൃതിക്ഷോഭം മൂലം കൃഷിനാശം ഉണ്ടായ കർഷകർക്ക് നഷ്ടപരിഹാരമായി 3,32,24,473/- രൂപ വിതരണം നടത്തി.<br><br>3) വിള ഇൻഷ്വർ ചെയ്ത കർഷകർക്ക് ഇൻഷ്വറൻസ് ആനുകൂല്യമായി 41.18365 ലക്ഷം രൂപ നൽകി.<br><br>4) പാടശേഖരങ്ങളുടെ ബണ്ടുകൾ പമ്പ്സെറ്റ് ഇവ പുനരുദ്ധരിയ്ക്കുന്നതിന് 6.43379 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകി.<br><br>5) എല്ലാ നെൽകർഷകർക്കും നെൽവിത്ത് സൗജന്യമായി നൽകി.<br><br>6) 57500 പച്ചക്കറി തൈകളും, 66000 പച്ചക്കറി വിത്ത് പായ്ക്കറ്റുകളും സൗജന്യമായി കർഷകർക്ക് നൽകി.<br><br>7) അടിഞ്ഞു കൂടിയ ചെളി നീക്കുന്നതിന് ധനസഹായമായി 1.89 ലക്ഷം രൂപ ധനസഹായം നൽകി.<br><br>8) 75 ലക്ഷം രൂപ വിലമതിയ്ക്കുന്ന വാഴവിത്തുകൾ, കുരുമുളക് തൈ, ജാതിതൈ, ഫല വൃക്ഷതൈകൾ എന്നിവ കൃഷിഭവനുകൾ വഴി വിതരണം ചെയ്തു. കൂടാതെ 9900 തെങ്ങിൻതൈകൾ ജനകീയാസൂത്രണ പദ്ധതി പ്രകാരം വിതരണം ചെയ്തു. |
| **(ബി)** | പ്രളയാനന്തരം കൃഷി എൻജിനീയറിംഗ് വിഭാഗം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ കാർഷിക മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നെന്ന് വിശദമാക്കാമോ? | **(ബി)** | പുനർജ്ജനി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രളയത്തിൽ കേടുപാടുവന്ന കാർഷിക യന്ത്രോപകരണങ്ങൾ കൃഷി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ റിപ്പയർ ചെയ്തു നൽകുകയും നിലം ഒരുക്കുന്നതിനായി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കൈവശമുള്ള യന്ത്രങ്ങൾ വിട്ടുനൽകുകയും ചെയ്തു. കൂടാതെ തകർന്ന മടകൾ പുനർനിർമ്മിച്ചവയുടെ മൂല്യ നിർണ്ണയം നടത്തി നൽകുകയും കേടായ |

പെട്ടി. പറ. മോട്ടോർ എന്നിവ പരിശോധിച്ച് റിപ്പയർ ചെയ്യുന്നതിന് സാങ്കേതിക സഹായം നൽകുകയും മൂല്യ നിർണ്ണയം നടത്തി നൽകുകയും ചെയ്തു.

**സെക്ഷൻ ഓഫീസർ.**